## (11.) കാർമ്മല സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ദൈവത്തിന്റെ സ്വന്തം നാട് ലോകം നമ്മുടെ കൊച്ചു കേരളത്തെ വിളിക്കുന്നത് അങ്ങനെയാണ്. അക്ഷരാർത്ഥത്തിൽ അതങ്ങനെയാണുതാനും. പച്ചപട്ടണിഞ്ഞ മലനിരകളും അലസമലസം കൊഞ്ചികുഴഞ്ഞ് പതഞ്ഞൊഴുകുന്ന അരുവികളും സമൃദ്ധിയുടെ നെൽപ്പാടങ്ങളും മനസ്സിൽ പഴമയുടെ നന്മയെ താലോലിക്കുന്ന ജനതയും ചേർന്ന് ഈ നാടിനെ മനോഹരമാക്കി. സഹ്യന്റെ മടിത്തട്ടിൽ വസിക്കുന്ന ദേവഭൂമിയുടെ മനോഹാരിത മുഴുവൻ ലോകത്തിനു വരച്ചുകാട്ടിയ ഭൂപ്രദേശമാണ് പത്തനംതിട്ട. ലോകത്തെ ആകർഷിച്ച ഭൂപ്രകൃതിയും ശുദ്ധവായുവും ശുദ്ധ ജലവുംമൊക്കെ നാടിന്റെ പ്രത്യേകതയാണ്. പത്തനംതിട്ടയുടെ കിഴക്കൻ മലയോരപ്രദേശമായ കോന്നിയുടെ മനോഹരഭൂമിയാണ് കാർമ്മല.

ദൈവം കനിഞ്ഞനുഗ്രഹിച്ച പ്രകൃതിഭംഗി പച്ചത്തലപ്പുയർത്തി ലോകത്തെ നോക്കിക്കാണുന്ന വൃക്ഷക്കൂട്ടങ്ങൾ പച്ചപട്ടണിഞ്ഞ നെൽപ്പാടങ്ങളും കളകളം പാടുന്ന കാട്ടരുവികളുമൊക്കെയായി വളരെ ശാന്തവും സുന്ദരവുമായ ഭൂപ്രദേശം അടവി ഇക്കോടൂറിസം പദ്ധതിയും കോന്നി ആനവളർത്തൽ കേന്ദ്രവുമൊക്കെ ഈ ഭൂമിയെ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാക്കുന്നു. നാനാത്വത്തിൽ ഏകത്വം മുഖമുദ്രയാക്കിയ ഈ ആളുകൾ ഏക സഹോദരഭാവത്തോടെ സാമോദം വസിക്കുന്നു.

ഈ പുണ്യഭൂമിയുടെ സമസ്ത ദൈവീകതയും തന്നിലേക്കാവഹിച്ച് മലമുകളിൽ പണിയപ്പെട്ട മലനിരകളാൽ ചുറ്റപ്പെട്ട് പ്രകാശപൂരിതയായി നിലകൊള്ളുന്ന പുണ്യഭൂമിയാണ് കാർമ്മലപള്ളി. അനുദിനമായിരങ്ങൾ അനുതാപത്തോടെ അഭയത്തിനണയുന്ന കരുണയുടെ നിലയ്ക്കാത്ത ഉറവകൾ സമൃദ്ധിചൊരിയുന്ന കിഴക്കിന്റെ പുണ്യതീർത്ഥാടനകേന്ദ്രം.

പച്ചിലച്ചാർത്തുകൾ ചന്തം ചമയ്ക്കുന്ന പഴമയുടെ പ്രൗഡി സംസ്കാരത്തിന്റെ ഭാഗമായി കരുതുന്ന കൊച്ചുഗ്രാമമായ പയ്യനാമണ്ണിൽ നിന്നും താവളപ്പാറയിലേക്കുള്ള പാതയോരത്ത് നാടിനാകെ നന്മതൂകി ഈ പുണ്യതീർത്ഥാടന കേന്ദ്രം നിലകൊള്ളുന്നു.

ദൈവവചനത്തിന്റെ സ്നേഹഗായകൻ പാദുവായിലെ പരിശുദ്ധനായ അന്തോണിയോസിന്റെ നാമധേയത്തിൽ സ്ഥിതിചെയ്യുന്ന ആ മഹാപരിശുദ്ധന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചിട്ടുള്ള വിശുദ്ധിയുടെ അതിവിശുദ്ധ സ്ഥലം സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനും പാപവിമോചനവും ദണ്ഡവമോചനവും പ്രാപിക്കുന്നതിനുമായി വിശ്വാസലക്ഷങ്ങൾ ഇവിടെയെത്തുന്നു. കരുണയുടെ അസാധാരണ ജൂബിലി വർഷത്തിൽ (2015 - 2016) അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത പത്തനംതിട്ട ഭദ്രാസനത്തിന്റെ കരുണയുടെ തീർത്ഥാടനകേന്ദ്രമായി കാർമ്മലപള്ളിയെ ഉയർത്തി.

ദൈവം തിരഞ്ഞെടുത്ത് വിശുദ്ധമാക്കിയ ഈ ആലയം ഇന്നു കാണുന്ന മനോഹാരിതയിലേക്കു എത്തിയതിനു പിന്നിൽ പൂർവ്വീകരുടെ ത്യാഗോജ്ജ്വലവും നിസ്വാർത്ഥവുമായ പ്രവർത്തനവും പ്രാർത്ഥനയുമുണ്ട്. പുത്തൻതലമുറയ്ക്ക് നേരിട്ട് പരിചയമില്ലാത്തതും എന്നാൽ മറന്നുപോകാൻ പാടില്ലാത്തതുമായ ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലാണിവിടെ. വാമൊഴിയായും വരമൊഴിയായും കൈവന്ന ചരിത്രത്തിന്റെ വിളക്കിച്ചേർക്കലാണിവിടെ.

ആലപ്പുഴ ജില്ലയിലെ പഴവങ്ങാടി ഇടവകയിൽ അംഗങ്ങളായിരുന്ന വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻ സഖറിയ ധനാഢ്യനും വ്യവസായ പ്രമുഖനും ആയിരുന്നു. കാർഷികാവശ്യങ്ങൾക്കായി ഭൂമിതേടിയുള്ള യാത്രക്കിടയിൽ 1930 ൽ അദേഹം കോന്നി പ്രദേശത്ത് എത്തിച്ചേർന്നു. ആലപ്പുഴയിൽ നിന്നും യാത്രാവള്ളത്തിൽ കോഴഞ്ചേരിയിൽ എത്തിച്ചേർന്നു അദ്ദേഹം പത്തനംതിട്ടവഴി കുമ്പഴയിൽ എത്തിച്ചേർന്നു.

കുമ്പഴ അച്ചൻകോവിൽ റോഡിലൂടെ പയ്യനാമണ്ണിൽ എത്തിചേർന്ന അദ്ദേഹം കൃഷിക്കാവശ്യമായ സ്ഥലം തേടി ഇന്നു കാർമ്മല ദേവാലയം സ്ഥിതിചെയ്യുന്ന ഭാഗത്തുകൂടി താവളപ്പാറയിൽ എത്തിചേർന്നു. ജനവാസം തീരെകുറഞ്ഞതും വനപ്രദേശവും വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രവും കൂടിയായിരുന്നു ഈ സ്ഥലം. ആ നാട്ടു

കാരിൽ നിന്നും ലഭിച്ചവിവരം അനുസരിച്ച് ഇപ്പോൾ കാർമ്മല തോട്ടം സ്ഥിചെയ്യുന്ന പെരുമലയുടെ അടിവശത്തുള്ള സ്ഥലം പോയി കാണുകയും അത് വിലയ്ക്കുവാങ്ങുകയും ചെയ്തു. വനപ്രദേശമായ അവിടം കാട് വെട്ടിത്തെളിച്ച് കൃഷിക്കനുയോജ്യമായ ഭൂമിയാക്കി മാറ്റുകയും അവിടെ റബ്ബറും തേയിലയും കൃഷിചെയ്യുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം സഹായികളായി ഏതാനും പേർ ആലപ്പുഴയിൽ നിന്നും കാർമ്മലയിലെത്തുകയായിരുന്നു.

ആ കാലഘട്ടത്തിൽ പയ്യനാമൺ പ്രദേശത്ത് വളരെ കുറച്ച് കത്തോലിക്കാ വിശ്വാസികൾ മാത്രമെ ഉണ്ടായിരുന്നുള്ളു. അവരാകട്ടെ പുത്തൻപീടിക, പത്തനംതിട്ട, തുമ്പമൺ പ്രദേശങ്ങളിൽ നിന്നും കുടിയേറിപാർത്ത മലങ്കര കത്തോലിക്കാ സഭാവിശ്വാസികളും സീറോ മലബാർ സഭാവിശ്വാസികളുമായിരുന്നു.

ഈ വിശ്വാസികൾക്ക് ആരാധന കർമ്മങ്ങൾ നിറവേറ്റുന്നതിനും പ്രാർത്ഥനാകൂട്ടായ്മയിൽ ആയിരിക്കുന്നതിനുമായി പത്തലുകുത്തി കേന്ദ്രമാക്കി ഒരു ചാപ്പൽ നിലവിലുണ്ടായിരുന്നു. കൂത്തിനേത്ത് ശ്രീ. തോമസിന്റെ സ്ഥലത്തായിരുന്നു ഈ ചാപ്പൽ സ്ഥിതിചെയ്തത്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭകാലഘട്ടത്തിൽ സഭയിലേക്ക് പുനരൈക്യപ്പെട്ട മൈലപ്രായിലെ ബഹുമാനപ്പെട്ട ആലുനിലൽകുന്നതിൽ അബ്രഹാം അച്ചൻ (ബഹുമാനപ്പെട്ട തെങ്ങുംതറമേടയിൽ ഏബ്രഹാം അച്ചൻ) ആയിരുന്നു. ആദ്യകാലഘട്ടങ്ങളിൽ വിശുദധ കുർബാനയും മറ്റ് കൂദാശാകർമ്മങ്ങളും പരികർമ്മിച്ചിരുന്നത്.

കാലഘട്ടത്തിനനുസ്യതമായി കാർമ്മലതോട്ടവും അതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളും വികസിക്കുകയും തോട്ടത്തിൽ ജോലിക്കായി ധാരാളം ആളുകൾ എത്തുകയും ചെയ്തു. തോട്ടത്തോടനുബന്ധിച്ചുള്ള തെയില ഫാക്ടറിയിലും മറ്റുമായി ധാരാളം കത്തോലിക്കാവിശ്വാസികൾ ജോലിചെയ്തിരുന്നു. എന്നാൽ അവരുടെ ആത്മീയകാര്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ ഒരു ക്രമീകരണം പയ്യനാമണ്ണിലോ കാർമ്മലയിലോ ഉണ്ടായിരുന്നില്ല. ഇതു വിശ്വാസികളെ വിഷമവൃത്തത്തിലായി. ദൈവാരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി ചാപ്പൽ നിർമ്മിക്കുവാൻ വിശ്വാസസമൂഹം അതിയായി ആഗ്രഹിച്ചു.

ദൈവജനത്തിന് ആരാധനയ്ക്കായി ഒരു ആലയം നിർമ്മിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻ സഖറിയ അവർകൾ പയ്യനാമണ്ണിൽ ചരിവുകാലാപുത്തൻവീട്ടിൽ ശ്രീ. ഗീവറുഗീസ് ഏബ്രഹാമിന്റെ പക്കൽനിന്ന് 40 സെന്റ് 54 രൂപ വില നല്കി വാങ്ങുകയും അവിടെ ഒരു ചാപ്പൽ നിർമ്മിക്കുവാനുള്ള ശ്രമം തുടങ്ങുകയും ചെയ്തു. കൊല്ലവർഷം 1117 - മാണ്ടിൽ അതായത് 1942 - ലാണ് ഈ സ്ഥലം ദേവാലയനിർമ്മാണത്തിനായി വാങ്ങുകയും അവടെ പ്രാർത്ഥനാ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും ചെയ്തത്. ഇന്നു നാം കാണുന്ന കാർമ്മല തീർത്ഥാടന ദേവാലയത്തിന് അടിസ്ഥാനമിട്ട വിശ്വാസ കൂട്ടായ്മയുടെ തുടക്കം ഇങ്ങനെയായിരുന്നു.

സർ സി.പി.രാമസ്വാമി അയ്യർ തിരുവതാംകൂർ ദിവാനായിരുന്ന ആ കാലഘട്ടത്തിൽ പള്ളി വയ്ക്കുന്നതിന് പ്രത്യേക അനുമതി വാങ്ങണമായിരുന്നു. അത് ലഭിക്കുക വളരെ ദുഷ്കരവും ചാപ്പൽ സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് മരത്തടിയിൽ ഒരു കുരിശ് നിർമ്മിച്ചു. എന്നാൽ അവിടെ പള്ളി വയ്ക്കുന്നതിനോട് അതിർപ്പുണ്ടായിരുന്നവർ ആ കുരിശെടുത്ത് കൊണ്ടുപോയി അഗ്നിക്കിരയാക്കി.

ആ കാലഘട്ടത്തിൽ പത്തലുകുത്തി ചാപ്പലിൽ അംഗമായ ഒരാൾ മരിക്കുകയും അദ്ദേഹത്തിന്റെ മൃതദേഹം മറവുചെയ്യാൻ മറ്റ് സ്ഥലം ലഭ്യമല്ലാത്തതിനാൽ പയ്യനാമൺ ചാപ്പലിനോട് ചേർന്ന സ്ഥലത്ത് സംസ്കരിക്കുകയും ചെയ്തു.

കുമ്പഴ അച്ചൻ എന്നറിയപ്പെടുന്ന ബമാനപ്പെട്ട ഫീലിപ്പോസ് മേടയിലച്ചനാണ് കൂട്ടായ്മയുടെ ആദ്യഘട്ടങ്ങളിൽ ചാപ്പലിൽ എത്തി വിശുദ്ധ കുർബാനർപ്പിക്കുകയും വിശ്വാസികളുടെ ആത്മീയ ശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തിരുന്നത്.

പ്രതിസന്ധികൾക്ക് നടുവിൽ ഇസ്രായേലിന് പകൽ മേഘസ്തംഭവും രാത്രി അഗ്നിത്തൂണായും കൂട്ടായിരുന്നതുപോലെ പ്രതിസന്ധികൾക്കും കഷ്ടതകൾക്കും നടുവിലൂടെ നടന്നപ്പോഴെല്ലാം സർവ്വശക്തൻ തന്റെ ചിറകിന്റെ നിഴലിൻകീഴിൽ ഈ കൂട്ടായ്മയെ കരുതിതുണച്ചു വഴിനടത്തി. പയ്യനാമൺ ചാപ്പലിനോട് ചേർന്ന് മറ്റൊരു മൃതദേഹം സംസ്കരിച്ചത് പ്രദേശവാസികളിൽ ചിലരുടെ എതിർപ്പിനിടയാക്കി. തർക്കങ്ങൾക്കിടയിൽ ചാപ്പലിന്റെ കുരിശ് തകർക്കപ്പെടുകയും തുടർന്ന് കേസ് നടത്തപ്പെടുകയും ചെയ്തു.

പയ്യനാമൺ ചാപ്പൽ സ്ഥിതിചെയ്യുന്ന സ്ഥലത്ത് പള്ളി പണിയുന്നതിനുള്ള അനുവാദം തേടി വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻ സഖറിയ അവർകൾ കൊല്ലം പേഷ്കാരായിരുന്ന ശ്രീ.എം.പി.ജോസഫിനും ശ്രീ. റ്റി.ചാണ്ടിയ്ക്കും അപേക്ഷ നല്കി. അതേതുടർന്ന് അവർ ഇരുവരും സ്ഥലം സന്ദർശിക്കുകയും പ്രദേശവാസികളിൽ ചിലർ എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് അനുമതി നൽകാതെ മടങ്ങുകയും ചെയ്തു. ഇത് ദൈവജനത്തെ നിരാശപ്പെടുത്തി. എന്നാൽ പ്രതീക്ഷയോടെകൂടി അവർ ദൈവാരാധനയ്ക്കായി ഒരു ആലയം നിർമ്മിക്കുവാൻ ആഗ്രഹിച്ച് പ്രാർത്ഥിച്ചു. അങ്ങനെയിരിക്കെ ഇപ്പോൾ കാർമ്മലപ്പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം ശ്രീ. തൊമ്മൻ സഖറിയ അവർകൾ കരകുടിശയ്ക്ക് ലേലത്തിൽ പിടിച്ച് കാടുവെട്ടിതെളിച്ച് വൃത്തിയാക്കി കെട്ടിടം നിർമ്മിച്ചു.

കിഴക്കുപടിഞ്ഞാറ് ഭാഗത്ത് ചാപ്പലായി ഉപയോഗിക്കത്തക്കവിധം 35 അടി നീളത്തിൽ ഒരു മുറി, തൊട്ടു തെക്കുവശത്ത് സങ്കീർത്തിയായിട്ട് ഉപയോഗിക്കാൻ തക്കവണ്ണം ഒരു കൊച്ചുമുറി അതിനോട് ചേർന്ന് താമസ സൗകര്യവലിപ്പമുള്ള രണ്ടുമുറികൾ ഈ മൂന്ന് മുറികളുടേയും പടിഞ്ഞാറും തെക്കും വരാന്തകൾ തെക്കേതിണ്ണയോടു ചേർന്നൊരു കുശിനി എന്നിങ്ങനെയായിരുന്നു കെട്ടിടത്തിന്റെ ഘടന. കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ച കട്ടിളകൾ ജനലുകൾ കതകുകൾ മേൽക്കൂര തിണ്ണയിലെ തൂണുകൾ ഇവയെല്ലാം ഈടുറ്റ തേക്കിൻ തടിയിൽ തീർത്തതായിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം കൂദാശകർമ്മങ്ങൾ നിർവഹിക്കുവാൻ ഒരു വൈദികനെ അയച്ചുതരണം എന്നപേക്ഷിച്ചുകൊണ്ട് വൈക്കത്തുകാരൻ വീട്ടിൽ ശ്രീ.തൊമ്മൻ സഖറിയ അവർകൾ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ പക്കലേക്കൊരു കത്തെഴുതി. 1945-ാംമാണ്ട് അവസാനമായിരുന്നു ഈ അപേക്ഷ സമർപ്പിച്ചത്.

കത്തോലിക്കാ സഭയുടെ നിയമവും പ്രണാമവുമനുസരിച്ച് സ്ഥലവും കെട്ടിടവും അതിരൂപതയ്ക്ക് എഴുതി നല്കിയാൽ മാത്രമെ അത് കൂദാശ ചെയ്യുന്നതിനും അവിടേയ്ക്ക് വൈദികനെ അയ്ക്കുന്നതിനും സാധിക്കുകയുള്ളൂവെന്ന് അഭിവന്ദ്യ പിതാവ് മറുപടി നല്കി. അതിൻ പ്രകാരം കെട്ടിടവും പ്രമാണം രജിസ്റ്റർ ചെയ്ത് അരമനയിലെത്തിച്ചു. 1946 ജനുവരിയിൽ മാർ ഈവാനിയോസ് പിതാവ് ഇവിടെയെത്തി കെട്ടിടത്തിന്റെയും ചാപ്പലിന്റേയും കൂദാശാകർമ്മം നടത്തി.

അഭിവന്ദ്യ പിതാവിന്റെ കല്പനപ്രകാരം ബഹുമാനപ്പെട്ട ഫീലിപ്പോസ് മേടയിലച്ചൻ പുതിയ ദേവാലയത്തിന്റെ ആദ്യ വികാരിയായി. അഭിവന്ദ്യ പിതാവിനോടൊപ്പം അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായി കൂദാശാകർമ്മത്തിൽ പങ്കുചേർന്ന ബഹുമാനപ്പെട്ട ജോസഫ് വടക്കേക്കൂറ്റച്ചൻ പിന്നീട് ഈ ദേവാലയത്തിന്റെ വികാരിയായി.

കാർമ്മലയിൽ പുതിയ ദേവാലയം നിർമ്മിച്ച സമയത്തുതന്നെ പയ്യനാമണ്ണിൽ ചാപ്പൽ നിലനിന്നിരുന്ന സ്ഥലത്ത് ഒരു കുരിശടിയും നിർമ്മിച്ചു. പള്ളി കൂദാശയോടൊപ്പം അഭിവന്ദ്യ പിതാവ് കുരിശടിയുടെ കൂദാശയും നിർവ്വഹിച്ചു.

പാദുവായിലെ വിശുദ്ധ അന്തോണിയോസിന്റെ നാമധേയത്തിലാണ് ദേവാലയം കൂദാശ ചെയ്യപ്പെട്ട് ദൈവജനത്തിനായി നല്കിയത്. കൂദാശാകർമ്മത്തിനുശേഷം പള്ളിയിൽ നിന്ന് കുരിശടിയിലേക്കും തിരിച്ച് ദേവാലയത്തിലേക്കും റാസനടത്തി. അന്ന് റാസയ്ക്ക് എഴുന്നള്ളിച്ച തേക്കുതടിയയിൽ തീർത്ത മനോഹരമായ രൂപക്കൂടും വിശുദ്ധ അന്തോണിയോസിന്റെ തിരുസ്വരൂപവുമാണ് ഇന്നും ചരിത്രപ്രസിദ്ധമായ കാർമ്മല റാസയിൽ ഉപയോഗി

ക്കുന്നത്.

പേഴുംമൂട്ടിൽ ശ്രീ. ദാവീദ് അവറുകൾ ആയിരുന്നു ഇടവകയിലെ ആദ്യത്തെ ശുശ്രൂഷകൻ. അദ്ദേഹം 30 വർഷത്തോളം ഇടവകയുടെ പ്രധാന ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചു.

ബഹുമാനപ്പെട്ട കുമ്പഴ മേടയിലച്ചൻ 1942 മുതൽ പയ്യനാമൺ ചാപ്പലിലും 1946 മുതൽ 1948 വരെ പുതിയ ദേവാലയത്തിലും വികാരിയായിരുന്നു.

വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻ സഖറിയ, ചരിവുകാലാ പുത്തൻവീട്ടിൽ ഗീവർഗീസ് ഏബ്രഹാം ജോർജ്ജ് ഏബ്രഹാം, പേഴുംമൂട്ടിൽ ദാവിദ്, വർഗീസ് കൂത്തിനേത്ത്, കുഞ്ഞൂഞ്ഞ് കൂത്തിനേത്ത്, നിലയ്ക്കൽ തോമസ്, കൂത്തിനേത്ത് ഏബ്രഹാം, കൊച്ചുമുറിയിൽ മത്തായി, കൊച്ചുമുറിയിൽ ഗീവർഗീസ്, എഴിയത്ത് യോഹന്നാൻ, പെരിഞ്ഞൊട്ടയ്ക്കൽ വർക്കി, കൊല്ലറക്കുഴിയിൽ തോമസ്, പല്ലാട്ട് ജോസഫ് എന്നിവരായിരുന്നു ആദ്യകാല ഇടവകാംഗങ്ങൾ.

ബഹു.കുമ്പഴ മേടയിലച്ചനുശേഷം ഫാ.ജോസഫ് വടക്കേക്കൂറ്റ്, ഫാ.ഗീവറുഗീസ് കുറ്റിയിൽ, ഫാ. സെബാസ്റ്റ്യൻ നെടുംകല്ലിൽ എന്നിവർ ഇടവകയുടെ വികാരിമാരായി സേവനമനുഷ്ഠിച്ചു. 1958 മെയ് മാസം ഫാ. ലൂക്കോസ് മാക്കീലച്ചൻ ഇടവക വികാരിയായി ചുമതലയേറ്റു. ഇക്കാലയളവിൽ നിലവിലുള്ള ദേവാലയത്തിനുപകരം പുതിയപള്ളി പണിയുവാൻ തീരുമാനിച്ചു. ദേവാലയം നിർമ്മാണം പാതിവഴിയിൽ എത്തിയപ്പോൾ ലൂക്കോസ് മാക്കിലച്ചന് ജർമ്മനിയിൽ പോകേണ്ടിവന്നു. അദ്ദേഹത്തിന്റെ അസിസ്റ്റന്റ് വികാരിയായി ഫാ. ജോർജ്ജ് കുറ്റിയിൽ സ്ഥാനം ഏൽക്കുകയും ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. 1967 ഒക്ടബർ മാസം ഫാ. ലൂക്കോസ് മാക്കിലച്ചൻ ജർമ്മനിയിൽ നിന്നും നാട്ടിലെത്തുകയും അദേഹം വികാരിയായി തുടരുകയും ചെയ്തു. അദേഹത്തിന്റെ നേതൃത്വത്തിൽ ദൈവഹിതത്താൽ പഴയ ദേവാലയത്തിന്റെ സ്ഥാനത്ത കരിങ്കല്ലിൽ തീർത്ത പുതിയ ദേവാലയം നിർമ്മിച്ചു.

ദേവാലയ നിർമ്മാണത്തിൽ ഇടവകാംഗങ്ങളുടെ സഹകരണവും സമർപ്പണവും ശ്ലാഘനീയമാണ്. ദേവാലയനിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ലുകൾ താവളപ്പാറയിൽ നിന്നും കീറിയെടുത്ത് തലച്ചുമടായി എത്തിക്കുയായിരുന്നു. വലിയ കക്കച്ചൂളകളുണ്ടാക്കി മണലും കക്കയും അതിൽ നീറ്റിയെടുത്താണ് സിമിന്റിനുപകരമായി ഉപയോഗിച്ചിരുന്നത്.

വലിയ തടിയുടെ ഇരുവശത്തുമായി പാട്ടകൾകെട്ടി അതിൽ വെള്ളം നിറച്ച് ചുമന്നുകൊണ്ടുവന്നാണ് ദേവാലയ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത്. കാളവണ്ടിയിലും തലച്ചുമടുമായുമാണ് തടി ദേവാലയനിർമ്മാണത്തിന് എത്തിച്ചത്. സാമ്പത്തീകമായി ചിലർ സഹായിച്ചപ്പോൾ മറ്റ് ചിലർ ശാരീരികാധ്വാനത്തിലൂടെ സഹായിച്ചു. മറ്റുചിലർ നിരന്തരപ്രാർത്ഥനകളിലൂടെയും അങ്ങനെ ദൈവേഷ്ടത്താൽ മലമുകളിൽ ദേവാരധനയ്ക്കൊരു ദേവാലയം ഒരുങ്ങി.

ദേവാലയ നിർമ്മാണ സമയത്ത് താത്കാലികമായി വിശുദ്ധ കുർബാന അർപ്പിക്കാൻ നിർമ്മിച്ച കെട്ടിടം പാരീഷ്ഹാളായും വിശ്വാസ പരിശീലന ക്ലാസ്സുകൾ നടത്തുവാനും ഉപയോഗിച്ചു.

1968 ൽ ബഹു.ലൂക്കോസ് മാക്കിലച്ചന്റെ കാലഘട്ടത്തിലാണ് ദേവാലയ ശുശ്രൂഷകളിലും ആത്മീയ ശുശ്രൂഷകളിലും സഹായിക്കുന്നതിനായി മേരീമക്കൾ സന്ന്യാസിനിസമൂഹം പ്രവർത്തനമാരംഭിക്കുന്നനനനനനത്. സി. സാലസ്, സി.മാർത്ത എന്നിവരായിരുന്നു ആദ്യകാലത്ത് മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് കാർമ്മലയിൽ സേവനമനുഷ്ഠിച്ചിരുന്നത്. ആദ്യകാലത്ത് ഒരു വാടക കെട്ടിടത്തിലായിരുന്നു മഠത്തിന്റെ പ്രവർത്തനം. ഭവനസന്ദർശനം, രോഗീസന്ദർശനം, പ്രാർത്ഥനാ കൂട്ടായ്മകൾക്ക് നതൃത്വം നൽകൽ, വിശ്വാസപരിശീലനം, ദേവാലയ ശുശ്രൂഷകൾ, വിശ്വാസികളുടെ ആത്മീയ ശുശ്രൂഷകൾക്ക് സഹായം തുടങ്ങിയവയായിരുന്നു സിസ്റ്റേഴ്സിന്റെ സേവനങ്ങൾ.

കാലഘട്ടത്തിനനുസരിച്ച് ഇടയന്മാരിലൂടെ ദൈവം തന്റെ ജനത്തെ നയിച്ചു. അവരിലൂടെ ലഭ്യമായ നന്മകൾ നാടിന്റെ വികസനത്തെ നൂറുമേനി വിളയിച്ചു. കാർമ്മലപള്ളിയുടേയും അതിന്റെ ഭാഗമായി കാലാകാലങ്ങളിൽ ഉയർന്നുവന്ന സ്ഥാപനങ്ങളുടേയും വളർച്ചയും വികസനവും പയ്യനാമൺ എന്ന കൊച്ചുഗ്രാമത്തിന്റെ ജീവിതനിലവാരത്തിന്റെ വളർച്ചയും വികസനവും തന്നെയായിമാറി. അതിനാൽതന്നെ കാർമ്മലപള്ളി നാനാജാതിമതസ്ഥരായ ഗ്രാമവാസികളുടെ മനസ്സിൽ തങ്ങളുടെ സ്വന്തമെന്ന പ്രതിഷ്ടനേടി. സങ്കടങ്ങളിലും സന്തോഷത്തിലും കരംകോർത്ത് കൂടെനിന്ന ദൈവീകസാന്നിധ്യം കാർമ്മലപള്ളിയും കാർമ്മല പുണ്യാളച്ചനും.

1973 ജൂലൈ മാസത്തിലാണ് ബഹുമാനപ്പെട്ട ജോഷ്വാ താഴത്തേതിലച്ചൻ ഇടവകവികാരിയായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് പയ്യനാമൺ പ്രദേശത്ത് 30 സെന്റ് സ്ഥലം ഇടവകയ്ക്കുവേണ്ടി വാങ്ങിയത്. ആ സ്ഥലത്താണ് ഇപ്പോൾ കാർമ്മലറാണി കമ്മ്യൂണിറ്റിഹാളും ക്വാർട്ടേഴ്സും സ്ഥിതിചെയ്യുന്നത്. മുമ്പ് ഈ കാലത്ത് കൊച്ചുകുട്ടികൾക്ക് പ്രാഥമീകവിദ്യാഭ്യാസം നല്കുന്നതിനായി ഒരു നേഴ്സരി സ്കൂൾ പ്രവർത്തിച്ചിരുന്നു. ബഹു.ജോൺ കുറ്റിയിലച്ചന്റെ കാലത്ത് ആരംഭിച്ചത്. മേരിമക്കൾ സന്യാസിനിസമൂഹത്തിലെ സിസ്റ്റേഴ്സായിരുന്നു ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നത്. യഥാർത്ഥത്തിൽ ഒരു ദേശത്തിന്റെ വികസനത്തെ നിർണ്ണയിക്കുന്ന വിദ്യാഭ്യാസ മേഖലയിലേക്കുള്ള കാർമ്മലയുടെ ആദ്യചുവടുവയ്പ്പായിരുന്നു. ഈ കാലയളവിൽ തന്നെയാണ് നിർമ്മല മിഷൻ ഹോസ്പിറ്റൽ എന്നപേരിൽ പയ്യനാമൺ കേന്ദ്രമാക്കി ഒരു ആതുരാലയം പ്രവർത്തനമാരംഭിച്ചത്. കാർമ്മലയിലും പരിസരപ്രദേശത്തുമുള്ള സാധാരണക്കാർക്ക് ഏറെ പ്രയോജനകരമായ രീതിയിലായിരുന്നു ഈ ആതുരാലയത്തിന്റെ പ്രവത്തനം.

ദേവാലയത്തോട് ചേർന്നുപോകുന്ന പയ്യനാമൺ താവളപ്പാറ റോഡിനോടു ചേർന്നാണ് സെമിത്തേരി സ്ഥിതിചെയ്യുന്നത്. ആദ്യകാലഘട്ടങ്ങളിൽ അന്നത്തെ സഭാനിയമങ്ങളോടുചേർന്ന് സെമിത്തേരിയെ രണ്ട് ഭാഗങ്ങളായി വേർതിരിച്ചിരുന്നു. സ്വാഭാവിക മരണമെന്നും അസ്വാഭാവിക മരണമെന്നും. എന്നാൽ കാലക്രമത്തിൽ സഭയുടെ നിലപാടുകളിൽ മാറ്റം വന്നതോടെ ഈ വിത്യാസം ഇല്ലാതെയായി. ബഹു.പ്ലാവിളയച്ചൻ ഇടവക വികാരിയായിരുന്ന കാലത്താണ് സെമിത്തേരി മതിലുകെട്ടി സംരക്ഷിച്ചത്. ഈ കാലഘട്ടത്തിൽ തന്നെയാണ് ദേവാലയ മുറ്റത്ത് മനോഹരമായ ഒരു മണിമേടയും വി.അന്തോണിയോസിന്റെ നാമധേയത്തിൽ പയ്യനാമൺ താവളപ്പാറ റോഡിനോടുചേർന്ന് മനോഹരമായ ഒരു കുരിശടിയും നിർമ്മിച്ചത്. ആയതിന് ശ്രീമാൻ ഏബ്രഹാം മനയ്ക്കലേത്തിന്റെ സംഭാവനകൾ നിസ്തുലമാണ്.

ബഹു.ജോൺ കുറ്റിയിൽ അച്ചൻ വികാരിയായിരിക്കുമ്പോഴാണ് നിർമ്മല മിഷൻ ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടേഴ്സിന്റെ താമസസൈകര്യാർത്ഥം പയ്യനാമണ്ണിൽ നഴ്സറി സ്കൂൾ നിലനിന്നിരുന്ന സ്ഥലത്തോടുചേർന്ന് ഒരു കോർട്ടേഴ്സ് നിർമ്മിച്ചത്.

കാർഷിക വൃത്തിയിൽ ഏറെ തൽപരനായ അച്ചൻ ദേവാലയത്തിന്റെ ഭാഗമായ സ്ഥലത്ത് റബ്ബർ, കുരുമുളക്, കാപ്പി തുടങ്ങിയ നാണ്യവിളകൾ നട്ടുവളർത്തി. അതോടൊപ്പം വാഴ, മരച്ചീനി തുടങ്ങി ധാരാളം കാർഷിക വിളകളും അദ്ദേഹം നട്ടുവളർത്തി. അച്ചന്റെ ശ്രമഫലമായി സാധാരണക്കാര ആളുകൾക്ക് ഭവനനിർമ്മാണത്തിനും പാവപ്പെട്ട പെൺകുട്ടികൾക്ക് വാവിഹത്തിനും മറ്റുമായി വിദേശത്തുനിന്നും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നതിന് സാധിച്ചു. അദ്ദേഹത്തിന്റെ ദീർഘവീഷണത്തോടെയുള്ള പ്രവർത്തനങ്ങൾ പിൽക്കാലത്ത് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് അടിത്തറപാകി.

തുടർന്നുവന്ന ഏബ്രഹാം ചേന്തിയത്തച്ചൻ ഇവിടെ വികാരിയായി സേവനം അനുഷ്ഠിക്കുമ്പോഴാണ് മരണം വഴിയായി വേർപിരിഞ്ഞത്. അദ്ദേഹത്തിന്റെ മരണശേഷം ടോമി തടത്തിലച്ചൻ ഇടവകയുടെ ചുമതല ഏറ്റെടുത്തു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഒരു പ്രൈമറി സ്കൂൾ തുടങ്ങാനാവശ്യമായ നടപടികൾ ഏറെക്കുറെ പൂർത്തിയായെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നടക്കാതെപോയി.

ബഹു.ടോമി അച്ചൻ ഉപരിപഠനത്തിനായി പോയതോടെ താത്കലിക വികാരിയായി ജോൺ വിളയില

ച്ചൻ ചുമതലയേറ്റു. തുടർന്ന് മാത്യു പുതുപ്പറമ്പിലച്ചൻ വികാരിയായി ഒരു വർഷം സേവനമനുഷ്ഠിച്ചു. അതിനു ശേഷം തോമസ് കിഴക്കേക്കരയച്ചൻ വികാരിയായി. കെ.പി.ജോൺ കിഴക്കേമച്ചിക്കാട്ടിൽ ദാനമായി നല്കിയ സ്ഥലത്ത് 25/5/1997 ൽ സെന്റ് ജൂഡ് കുരിശ്ശടി ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് കൂദാശ ചെയ്തു.

2001 മെയ് മാസത്തിൽ സാമുവേൽ പുന്നൂരച്ചൻ വികാരിയായി. ഈ കാലത്താണ് കാർമ്മല റാണി ആഡിറ്റോറിയവും കാർമ്മൽ സെൻട്രൽ സ്കൂളും പണികഴിപ്പിച്ചത്. അതോടൊപ്പം നിർമ്മല ഹോസ്പിറ്റലിന് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം വിപുലമാക്കി. കാർമ്മൽ വിദ്യാഭവൻ എന്ന പേരിൽ തുടങ്ങിയ സ്കൂൾ മലങ്കര കാതലിക്ക് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ ഒരു ദേശത്തിന് മുഴുവൻ വിദ്യാഭ്യാസരംഗത്ത് പുത്തൻ പ്രതീക്ഷ പകർന്നു നൽകിക്കൊണ്ട് മുന്നേറുന്നു. മൂല്യബോധ്യമുള്ള യുവതയെ വാർത്തെടുക്കുവാനുള്ള നിരന്തരമായ പരിശ്രമങ്ങൾക്ക് ഒരു മുതൽക്കൂട്ടാണീ അക്ഷരമുറ്റം.

ആത്മീയതയിൽ വെള്ളം ചേർക്കാതെ മാനവീകതയെ നെഞ്ചൊടുചേർത്ത് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മഹാസന്ദേശം പകർന്നു നല്കി മുന്നേറുവാൻ ദൈവം നമ്മെ പ്രാപ്തരാക്കിയെന്നതിൽ സംശയമില്ല. ദേവാലയത്തിന്റെ വികസനവും വളർച്ചയും ദേശത്തിന്റെ വികസനത്തോടും വളർച്ചയോടും ചേർത്തുനിർത്തി മുന്നേറുവാൻ നമുക്കായി ഇടവകയുടെ ഘട്ടംഘട്ടമായുള്ള വളർച്ചയുടെ ഭാഗമായി അംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും സ്ഥലപരിമിതി പ്രശ്നമാവുകയും ചെയ്തു. ഇടവകവികാരി ജോഷി വാഴപ്പിള്ളേത്തച്ചൻ പൊതുയോഗ തീരുമാനപ്രകാരം ഈ വിവരം കാതോലിക്കാബാവ തിരുമനസിനെ അറിയിക്കുകയും വന്ദ്യപിതാവ് പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പഴയ മദ്ബഹായും സങ്കീർത്തിയും പൊളിച്ചുമാറ്റി പുതുക്കി നിർമ്മിച്ചു. അതൊടൊപ്പം ദേവാലയത്തിന്റെ വശങ്ങളിലേക്ക് ഇറക്കുകൾ നിർമ്മിച്ചു. കരിങ്കല്ലിൽ തീർത്ത പഴയദേവാലയം അതേപടി നിലനിർത്തിക്കൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്.

ദേവാലയത്തിന്റെ മുൻഭാഗത്ത് റോഡിനോടുചേർന്ന് മനോഹരമായ പിയാത്തയും നിർമ്മിച്ചു. അതുകൂടാതെ കാലപ്പഴക്കത്താൽ ജീർണ്ണിച്ച പഴയമേട പൊളിച്ചുമാറ്റുകയും ആ സ്ഥാനത്ത് ഇപ്പോഴത്തെ മനോഹരമായ മേട നിർമ്മിക്കുകയും ചെയ്തു. ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമനസ്സുകൊണ്ട് ഏപ്രിൽ 9ന് ദേവാലയത്തിന്റെയും വൈദികമന്ദിരത്തിന്റെയും പിയാത്തയുടേയും കൂദാശാകർമ്മം നിർവഹിച്ചു. ജോഷി വാഴപ്പിള്ളേത്തച്ചന്റെ കാലത്ത് ഇറ്റലിയിലെ പാദുവായിൽ നിന്നും വി.അന്തോണിയോസിന്റെ (കാർമ്മല പുണ്യാളച്ചന്റെ) തിരുശേഷിപ്പ് ലഭ്യമാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു. തുടർന്ന് മോൺസി കളീയ്ക്കലച്ചൻ വികാരിയായി ചുമതലയേറ്റു. ഈ കാലഘട്ടത്തിലാണ് തിരുശേഷിപ്പ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാവുകയും റോമിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തത്. 2011 മാർച്ച് 12ന് ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമനസ്സുകൊണ്ട് കാർമ്മല പുണ്യാളച്ചന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ച് നമ്മെ അനുഗ്രഹിച്ചു. തുടർന്നുള്ള വർഷങ്ങളിൽ മാർച്ച് 12 ഇടവകമക്കൾ തിരുശേഷിപ്പ് പ്രതിഷ്ഠാദിനമായി ആചരിക്കുന്നു. നാനാജാതി മതസ്ഥരായ അനേകർ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുന്നു.

ഈ കാലഘട്ടത്തിലാണ് ദേവാലയത്തിന്റെ ഭാഗമായി പുതി സെല്ലാർ പണികഴിപ്പിച്ചത്. പത്തനംതിട്ട ഭദ്രാസനത്തിന്റെ ഉപവിപ്രവർത്തനങ്ങളുടെ ഭാഗമായി 2013 മെയ് 13ന് നിർമ്മലാ ഹോസ്പിറ്റൽ നിലനിന്നിരുന്ന സ്ഥലത്ത് ജീവിത സായാഹ്നത്തിലായിരുന്ന നിരാലംബരായ അമ്മമാരുടെ ശുശ്രൂഷയ്ക്കായി സെന്റ് അൽഫോൻസ പ്രത്യാശഭവൻ പ്രവർത്തനമാരംഭിച്ചു. സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ് ഇവിടെ സേവനമനുഷ്ഠിക്കുന്നു.

2014 മെയ് മാസം ജോർജ്ജ് വർഗീസ് പുതുപ്പറമ്പിലച്ചൻ വികാരിയായി ചുമതലയേറ്റു. ദേവാലയത്തിന്റെ മുൻഭാഗത്ത് സ്ഥിതിചെയ്യുന്ന വി.അന്തോണിയോസിന്റെ നാമധേയത്തിലുള്ള കുരിശടി നവീകരണം നടത്തുകയും വൈദീകമന്ദിരത്തോടു ചേർന്നുള്ള മനോഹരമായ ഗ്രോട്ടോയുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. സ്കൂളിനോടുചേർന്നുള്ള ക്രിസ്തുരാജ സ്വരൂപം ദേവാലയമുറ്റത്തെ കൽക്കുരിശ് സ്വർണ്ണ കൊടിമരം നിർമ്മി

ച്ചതും അച്ചന്റെ കാലത്താണ്. വിശുദ്ധ മദ്ബഹായിലെ ചിത്രങ്ങൾ ഈ കാലത്ത് വരച്ചതാണ്.

2016-2017 വർഷം ഇടവകയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളതാണ്. പരിശുദ്ധ പിതാവ് കരുണയുടെ വർഷമായി പ്രഖ്യാപിച്ച ഈ കാലയളവിൽ തന്നെ നമ്മുടെ കൂട്ടായ്മയ്ക്ക് അതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുവാൻ കഴിഞ്ഞത് ദൈവത്തിന്റെ അനന്തപരിപാലനയാലാണ്. അതോടൊപ്പം ദേവാലയത്തെ കരുണയുടെ തീർത്ഥാടനകേന്ദ്രമാക്കി പ്രഖ്യാപിച്ചതും ഈ കാലത്താണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജന ദിനാഘോഷം ഹെസദ് 2016 ആതിഥേയത്വം കാർമ്മല ഇടവകയിൽ ആയിരുന്നു. 1960-67 കാലത്ത് ലൂക്കോസ് മാക്കിൽ അച്ചൻ ഇപ്പോഴത്തെ പള്ളി നിർമ്മിച്ചുകൊണ്ടിരിക്കവെ ആരാധനയ്ക്കായി നിലവിലുണ്ടായിരുന്ന ചാപ്പൽ പൊളിച്ച് പള്ളിക്ക് തെക്കുവശത്ത് ചെറിയഹാളും മദ്ബഹായും സങ്കീർത്തികയും ചേർത്ത് താത്കാലിക പള്ളി പണിതു. പിന്നീട് അത് സണ്ട്സ്കൂൾ ക്ലാസ്സുകൾക്കായി അത് ഉപയോഗിച്ചു. പ്ലാറ്റിനം ജൂബിലിക്കായി ഈ കെട്ടിടം നവീകരിച്ച് ഇടവക സ്ഥാപകനായ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയ്ക്കായി സമർപ്പിച്ച് മാർ ഈവാനിയോസ് സെന്റർ എന്നും പ്രധാനഹാൾ ഫാ.ലൂക്കോസ് മാക്കിൽ മെമ്മോറിയൽ ഹാൾ എന്നും നാമകരണം ചെയ്തു. പ്ലാറ്റിനം ജൂബിലി സ്മാരകമായി 9 ലക്ഷം രൂപാ ചെലവഴിച്ച് ഒരു ഭവനം നിർമ്മിച്ച് നല്കിയതും അഭിമാനപൂർവം ഓർക്കുന്നു. ചൊവ്വാഴ്ചകളിൽ ആരാധന, താലൂക്ക് ആശുപത്രി, ഉള്ളൂർ കാരുണ്യഭവൻ, പ്രത്യാശ ഭവൻ എന്നിവിടങ്ങളിൽ ഉച്ചഭക്ഷണവിതരണം എന്നിവ ജൂബിലി സ്മാരകങ്ങളായി തുടരുന്നു.

**ഇടവകയിലെ മുൻവികാരിമാർ**

| | | |
|---|---|---|
| 1. ഫാ. ഫിലിപ്പോസ് മേടയിൽ | - | 1942-1948 |
| 2. ഫാ. ജോസഫ് വടക്കേക്കൂറ്റ് | - | 1948-1950 |
| 3. ഫാ. ഗീവർഗീസ് കുറ്റിയിൽ | - | 1950-1956 |
| 4. ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലിൽ | - | 1956-1958 |
| 5. ഫാ. ലൂക്കോസ് മാക്കിൽ | - | 1958-1963, 1967-1973 |
| 6. ഫാ. ജോർജ് കുറ്റിയിൽ | - | 1963-1966 |
| 7. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ | - | 1966-1967 |
| 8. ഫാ. ജോഷ്വാ താഴത്തേതിൽ | - | 1973-1976 |
| 9. ഫാ. ജോൺ കുറ്റിയിൽ | - | 1976-1983 |
| 10. ഫാ. ജോൺ പ്ലാവിള | - | 1983-1987 |
| 11. ഫാ. ഏബ്രഹാം ചേന്തിയത്ത് | - | 1987-1992 |
| 12. ഫാ. ഗീവർഗീസ് തടത്തിൽ (ടോമി) | - | 1992-1995 |
| 13. ഫാ. ജോൺ വിളയിൽ | - | 1995 |
| 14. ഫാ. മാത്യു പുതുപ്പറമ്പിൽ | - | 1995-1996 |
| 15. ഫാ. തോമസ് കിഴക്കേക്കര | - | 1996-2001 |
| 16. ഫാ. സാമുവേൽ പുന്നൂർ | - | 2001-2007 |
| 17. ഫാ. ജോഷി വാഴപ്പിള്ളേത്ത് | - | 2007-2010 |

18. ഫാ. മോൻസി കളീയ്ക്കൽ - 2010 - 2014

19. ഫാ. ജോർജ്ജ് വർഗീസ് പുതുപ്പറമ്പിൽ - 2014 - 2018

20. ഫാ. ജോസഫ് തുണ്ടിയൂഴത്തിൽ - 2018 - 2019

**ഇടവകയുടെ സഹവികാരിമാർ**

1. ഫാ. ജോർജ്ജ് കുറ്റിയിൽ - 1963
2. ഫാ. ജോഷ്വാ മാലേത്ത് - 1965 - 1966
3. ഫാ. മാത്യു പേഴുംകൂട്ടത്തിൽ - 2013 - 2014
4. ഫാ. വർഗീസ് ചീനിവിളയിൽ - 2005 - 2019

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. തോമസ് തെക്കേടത്ത്
2. ഫാ. എബ്രഹാം മണലേൽ
3. ഫാ. തോമസ് മലയിൽ
4. ഫാ. ബോണി കെ. അലക്സ് ഒ.ഐ.സി.
5. ഫാ. റോബിൻ മനക്കലേത്ത്
6. ഫാ. ഫീലിപ്പോസ് ചരിവുപുരയിടത്തിൽ
7. ഫാ. മാത്യു കല്ലറക്കുഴിയിൽ
8. സി. ക്ലെയർ ജി.എസ്.എസ്.
9. സി. നോബിൾ ജോസ് ഡി.എം.
10. സി. ആൻസ് പോൾ ഡി.എം.
11. സി. അലീന ഡി.എം.
12. ബ്ര. ജസ്വിൻ തുറക്കുളത്ത്
13. ബ്ര. സജിൻ തടത്തിൽ
14. എലിസബേത്ത് സി. കുര്യൻ